4. കുമാരനാശാൻ സ്മാരകം—തോന്നയ്ക്കൽ
5. കുഞ്ഞൻ നമ്പ്യാർ സ്മാരകം—കിള്ളിക്കുറിശ്ശിമംഗലം
6. കുഞ്ഞൻ നമ്പ്യാർ സ്മാരകം—അമ്പലപ്പുഴ
7. ഗുരുഗോപിനാഥ് നടന ഗ്രാമം—വട്ടിയൂർക്കാവ്
8. മുലൂർ സ്മാരകം—ഇലവുംതിട്ട, പത്തനംതിട്ട
9. ഗോവിന്ദ പൈ സ്മാരകം—കാസറഗോഡ്
10. എ. ആർ. രാജരാജവർമ്മ സ്മാരകം—മാവേലിക്കര
11. മൊയിൻകുട്ടി വൈദ്യർ സ്മാരകം—കൊണ്ടോട്ടി
12. അപ്പൻ തമ്പുരാൻ സ്മാരകം—തൃശ്ശൂർ
13. ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി & പിൽഗ്രിം സെന്റർ—ചെമ്പഴന്തി

(ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാതന്ത്ര്യ സമര ചരിത്രം സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കുവാൻ നടപടി

168 [173] ശ്രീ. കെ. മോഹൻകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് സമ്പൂർണ്ണ സ്വാതന്ത്ര്യ സമര ചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു കാലഘട്ടം വരെയുള്ള ചരിത്ര സംഭവങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തുടർന്നുള്ള സ്വാതന്ത്ര്യ സമര ചരിത്രം പ്രസിദ്ധീകരിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വാതന്ത്ര്യ സമര ചരിത്രം സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(ഇ) ഭാവി തലമുറയ്ക്ക് സ്വാതന്ത്ര്യ സമര സ്മരണകൾ പകർന്നു നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) 2004-05-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം സ്ഥാപിക്കാനുള്ള ശ്രമം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ജി) സ്വാതന്ത്ര്യ സമര ചരിത്ര ഗ്രന്ഥങ്ങൾ പുനഃപ്രകാശനം ചെയ്യാനും എല്ലാ സ്കൂൾ കോളേജ് പബ്ലിക് ലൈബ്രറികളിലും പ്രസ്തുത ഗ്രന്ഥങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്ന് വാല്യങ്ങളായി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ ഒന്നും, രണ്ടും വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 1938 വരെയുള്ള ചരിത്ര സംഭവങ്ങൾ ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(സി) ഇതുമായി ബന്ധപ്പെട്ട റീജിയണൽ റിക്കോർഡ്സ് സർവ്വേ കമ്മിറ്റിയുടെ പ്രവർത്തനം നിലച്ചതിനാലാണ് കാലതാമസമുണ്ടായത്.

(ഡി) ആർക്കൈവ്സ് ഡയറക്ടർ ജനറൽ എഡിറ്ററായ കേരളാ കോഴിക്കോട് ശ്രീ. ശങ്കരാചാര്യ എന്നീ യൂണിവേഴ്സിറ്റികളിലെ ചരിത്ര വിഭാഗം അദ്ധ്യക്ഷന്മാർ ഉൾക്കൊള്ളുന്ന ഒരു മുന്നംഗ വിദഗ്ദ്ധ സമിതിയുടെ സഹായത്തോടുകൂടി ഒരു വർഷത്തിനുള്ളിൽ സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ മൂന്നാം വാല്യം (1938-1948) സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് പുരാരേഖാ വകുപ്പ് പ്രത്യേക പ്രോജക്ട് തയ്യാറാക്കി നടപടികൾ ആരംഭിച്ചുവരുന്നു.

(ഇ) സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) ആർക്കൈവ്സ്, ആർക്കിയോളജി വകുപ്പ് അദ്ധ്യക്ഷന്മാർ നൽകിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ജി) പരിശോധിക്കുന്നതാണ്.

ത്രിവിക്രമംഗലം ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ അടിയന്തിര സംരക്ഷണ ജോലികൾ

169 [174] ശ്രീ. ബി. വിജയകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലുള്ള ത്രിവിക്രമംഗലം ശ്രീമഹാവിഷ്ണു ക്ഷേത്രത്തിലെ അടിയന്തിര സംരക്ഷണ ജോലികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് ക്ഷേത്രോപദേശക സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സംരക്ഷണ ജോലികൾ ചെയ്യുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംരക്ഷണ പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly